

# 'നീരാ'ടാം ഇനി

## കൂടുതൽ നീര വിൽപ്പനശാലകൾ തുറക്കുന്നു

**ടി.ബി.ലാൽ**

**കൊച്ചി** ● വരുന്നത് നീരയുടെ കാലം. കൊച്ചിയിൽ വൈറ്റില മൊബിലിറ്റി ഹബിൽ ആരംഭിച്ച കേരളത്തിലെ ആദ്യത്തെ നീര ഔട്ട്ലെറ്റ് വിജയമായതോടെ എറണാകുളം, പാലക്കാട്, തൃശൂർ ജില്ലകളിലായി ഒരു മാസത്തിനുള്ളിൽ ഇരുപതു ഔട്ട്ലെറ്റുകൾ കൂടി ആരംഭിക്കാനുള്ള ശ്രമത്തിലാണ് പാലക്കാട് നാളികേര ഉൽപ്പാദക കമ്പനി. കൊച്ചി നഗരത്തിൽ വിശാലകൊച്ചി വികസന അതോറിറ്റിയുടെ സഹകരണത്തോടെ മറൈൻ ഡ്രൈവ്, ഹൈക്കോടതി, സൗത്ത് -നോർത്ത് റെയിൽവേ സ്റ്റേഷനുകൾ, സിവിൽ സ്റ്റേഷൻ എന്നിവിടങ്ങളിലും നീരയുടെ പുതിയ ഔട്ട്ലെറ്റുകൾ തുറക്കും. വൈറ്റില ഹബിലെ ഔട്ട്ലെറ്റിൽ ദിനംപ്രതി അറുപതു മുതൽ നൂറുവരെ ലിറ്റർ നീരയാണ് വിൽക്കുന്നത്.

അബ്കാരി നിയമത്തിൽ കുടുങ്ങിക്കിടന്ന നീരയുടെ കഷ്ടകാലം നീങ്ങിയത് കേരകർഷകരുടെ സമയം മെച്ചപ്പെടുത്തി. തേൻമധുരമുള്ള ഈ പാനീയം വ്യാപകമായി ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്നാണ് സ്ത്രീപുരുഷ ഭേദമന്യേ ഉപഭോക്താക്കളുടെ ആവശ്യം. രാസപദാർഥങ്ങളെ ഒഴിവാക്കി വിഷവിമുക്തവുമായ കേരളീയ ഉല്പന്നങ്ങൾ പ്രചരിപ്പിക്കുന്നതിന്റെ കൂട്ടത്തിൽ ഇനി മുതൽ നീരയും സ്ഥാനം പിടിക്കും.

പാംഡ്യൂ എന്ന ബ്രാൻഡ്നാമത്തിൽ പാലക്കാട് നാളികേര ഉൽപ്പാദക കമ്പനിയാണ് നീര വിപണിയിലെത്തിച്ചിരിക്കുന്നത്. നാളികേരബോർഡിന്റെ പൂർണപിന്തുണ ഇവർക്കുണ്ട്. കാസർകോട്ടെ സെൻട്രൽ പ്ലാന്റേഷൻ ക്രോപ്സ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സാങ്കേതികസഹായത്തോടെയാണ് നീര ഉല്പാദനം. റഫ്രിഡ്ജറേറ്റഡ് ജ്യൂസ് ഡിസ്പെൻസർ ഉപയോഗിച്ചാണ് ഗ്ലാസിലാണ് വില്പന 200 മില്ലി നീരയ്ക്ക് നൽകേണ്ടത് 25 രൂപ. നീര സംസ്കരിച്ച് കുപ്പിയിൽ വിതരണം ചെയ്യുന്നതിനുള്ള ഏക തടസം സംസ്കരണ പ്ലാന്റിന്റെ അഭാവം. ചുരുങ്ങിയത് നാലു കോടി രൂപയുണ്ടെങ്കിലേ പ്ലാന്റ് തുടങ്ങാനാകുയെന്ന് പാലക്കാട് നാളികേര ഉൽപ്പാദക കമ്പനി ചെയർമാൻ വിനോദ് കുമാർ പറയുന്നു. കർഷക കൂട്ടായ്മകൾക്കുമാത്രമായി ഇത്രയും പണം കണ്ടെത്താനാകില്ല. ഇതിനു സർക്കാർ സഹായം നൽകണമെന്നും അദ്ദേഹം ആവശ്യപ്പെടുന്നു.

സംസ്ഥാനത്തെ നാളികേര കർഷകരുടെ ത്രിതല കൂട്ടായ്മയായ 12 നാളികേരോത്പാദക കമ്പനികൾക്കാണ് ഇതുവരെ നീര ഉൽപാദിപ്പിക്കുന്നതിനുള്ള ലൈസൻസ് സർക്കാർ നൽകിയിരിക്കുന്നത്. ഓരോ കമ്പനിയിലും ശരാശരി പത്തു ഫെഡറേഷനുകളും അവർക്കു പത്തുലക്ഷം വരെ കായ്ഫലമുള്ള തെങ്ങുകളുമുണ്ട്. കേരളത്തിൽ എല്ലാ ജില്ലകളിലും ഇതിനകം നാളികേര കർഷകരുടെ ത്രിതല കൂട്ടായ്മകൾ രൂപം കൊണ്ടിട്ടുണ്ട്.

ഏറ്റവും താഴെത്തട്ടിൽ നാളികേര കർഷക സംഘങ്ങളും (5165 എണ്ണം) അവയുടെ ഉപരിഘടകമായി 15 മുതൽ 25 വരെ ഉൽപ്പാദക സംഘങ്ങളും പ്രവർത്തിക്കുന്നു ഇവയ്ക്കുമേലെയായി 205 ഉൽപ്പാദക ഫെഡറേഷനുകളുണ്ട്. ശരാശരി പത്തു ഫെഡറേഷനുകൾ ചേർന്നതാണ് ലൈസൻസ് ലഭിച്ചിട്ടുള്ള പന്ത്രണ്ടു കമ്പനികൾ. (പാലക്കാട്, കണ്ണൂർ (തേജസ്വിനി), ആലപ്പുഴ (കരപ്പുറം), മലപ്പുറം, കൊയിലാണ്ടി,, കൊടുങ്ങല്ലൂർ, കൊല്ലം (കൈപ്പുഴ), കോഴിക്കോട് , തിരുവനന്തപുരം (അനന്തപുരം), കാസർകോട്, കുറ്റ്യാടി, എറണാകുളം (തിരു-കൊച്ചി) എന്നിവ)

പന്ത്രണ്ടു കമ്പനികളുടെ കീഴിലുള്ള 173 ഫെഡറേഷനുകൾ നീരയുൽപ്പാദനത്തിനുള്ള ലൈസൻസിന് അപേക്ഷിച്ചിട്ടുണ്ട്. ഇവർക്കു കൂടി അനുമതിയാകുന്നതോടെ നീര വ്യാവസായികാടിസ്ഥാനത്തിൽ തന്നെ ഉൽപ്പാദിപ്പിക്കുവാനാകുമെന്നാണു പ്രതീക്ഷ,

ഗുജറാത്തിലെ അമുൽ മാതൃകയിൽ നീര ഉൽപ്പാദിപ്പിച്ച് നാളികേരോൽപ്പാദക കമ്പനികൾ വഴി വിതരണം ചെയ്താൽ കർഷകർക്കു പരമാവധി ലാഭം ലഭിക്കുമെന്നു ഫെഡറേഷനുകൾ ചൂണ്ടിക്കാട്ടുന്നു ഇതു വഴി മികച്ച വിപണനതന്ത്രം മെനയാമെന്നും വിപണന ശൃംഖല കെട്ടിപ്പടുക്കാനാകുമെന്നും ഇവർ വിശ്വസിക്കുന്നു. ഇതിനാവശ്യമായ പ്രാഥമിക മൂലധനം കമ്പനികൾ സമാഹരിച്ചിട്ടുണ്ട്.. സംസ്കരണപ്ലാന്റുകൾ പോലെ ഭീമമായ മുടക്കുമുതലുകൾക്ക് സർക്കാർ സഹായം കൂടിയേ തീരൂവെന്നും കമ്പനികൾ ചൂണ്ടിക്കാട്ടുന്നു.

നീരയ്ക്കുവേണ്ടി കഴിഞ്ഞ ബജറ്റിൽ 15 കോടിയാണ് നീക്കിവച്ചിരുന്നത്. 12 ഉൽപ്പാദക കമ്പനികളും സബ്സിഡി പ്രതീക്ഷയോടെ നാളികേര ബോർഡിന്റെ സഹായത്തോടെ പ്രോജക്ട് പ്രൊപ്പോസലുകൾ സമർപ്പിച്ചെങ്കിലും കൃഷി വകുപ്പിന്റെ ഭാഗത്തുനിന്നും അനുകൂല നടപടിയുണ്ടായില്ലെന്നു ചൂണ്ടിക്കാണക്കപ്പെടുന്നു. കേര കർഷകർക്കു സ്ഥായിയായ വരുമാനം ഉറപ്പാക്കുന്ന പദ്ധതിയെ മുന്നോട്ടുകൊണ്ടുവരാൻ പ്രാരംഭഘട്ടത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നും അകമഴിഞ്ഞ സഹായമുണ്ടാകണമെന്നും ഇവർ ആവശ്യപ്പെടുന്നു.